(ബി) പ്രസ്തുത ഫണ്ട് ഏതൊക്കെ ആവശ്യങ്ങൾക്കാണ് ചെലവഴിക്കേണ്ടതെന്ന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ജീവനക്കാരെ നിയമിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 664. 11 ലക്ഷം രൂപ.

(ബി) ഉണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിർമ്മാണ പ്രവർത്തനങ്ങൾ

സ്കൂൾ കെട്ടിടം, ക്ലാസ് മുറി, ബി.ആർ.സി. കെട്ടിടം, സി.ആർ.സി. കെട്ടിടം, സ്കൂൾ ചുറ്റുമതിൽ, ടോയ്ലറ്റ്, ക്ലാസ്സ് ഇടഭിത്തി, കുടിവെള്ള സൗകര്യം ഒരുക്കൽ, സ്കൂൾ വൈദ്യുതീകരണം, അറ്റകുറ്റപ്പണികൾ എന്നിവ ഉൾപ്പെടും.

2. ഗുണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.

അദ്ധ്യാപക പരിശീലനം, സൗജന്യ പാഠപുസ്തക വിതരണം, അദ്ധ്യാപകർക്കുള്ള പഠനോപകരണ കിറ്റ്, സ്കൂൾ ഗ്രാന്റ് വി.ഇ.സി. ട്രെയിനിംഗ് ആൾട്ടർനേറ്റീവ് സ്കൂളിംഗ്, പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ.

(സി) ഇല്ല. എസ്.എസ്.എ. പദ്ധതി നടപ്പിലാക്കുന്നത് വിദ്യാഭ്യാസ വകുപ്പിലെ നിലവിലുള്ള അതത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ മേൽ നോട്ടത്തിലാണ്. കാസർഗോഡ് ജില്ലയിലെ ഏഴു ബി.ആർ.സി. യുടെ ചുമതല വഹിക്കേണ്ട പ്രോഗ്രാം ഓഫീസർമാരെയും നിയമിച്ചുകഴിഞ്ഞു. ഇതിന് വേണ്ട ജില്ലാ ഓഫീസർമാരുടേയും അനുബന്ധ ഉദ്യോഗസ്ഥന്മാരുടേയും നിയമന നടപടി പൂർത്തിയായി വരുന്നു.

എസ്.എസ്.എൽ.സി. പരീക്ഷയിലെ റാങ്ക് നിർണ്ണയത്തിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ

95 (2035) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ (2002-03) എത്ര വിദ്യാർത്ഥികൾ പരീക്ഷ എഴുതി ;

(ബി) എസ്.എസ്.എൽ.സി. പരീക്ഷാഫലം പുനഃപരിശോധനയ്ക്കായി എത്ര വിദ്യാർത്ഥികൾ അപേക്ഷിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ എത്ര കുട്ടികളുടെ മാർക്കിൽ മാറ്റമുണ്ടായിഎന്ന് വ്യക്തമാക്കാമോ ;

(ഡി) പുനഃപരിശോധനാഫീസ് എത്രയാണ് ;

(ഇ) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഇതിൽ എത്ര രൂപയുടെ വർദ്ധനവ് ഉണ്ടായി എന്ന് വ്യക്തമാക്കാമോ ;

(എഫ്) എസ്.എസ്.എൽ.സി. വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന ഫീസ് എത്ര ;

(ജി) ഏതൊക്കെ വിഭാഗത്തിലാണ് ഫീസ് ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(എച്ച്) എസ്.എസ്.എൽ.സി. റാങ്ക് നിർണ്ണയത്തിൽ അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് ഏതെങ്കിലും കേസ് ഇപ്പോൾ ഹൈക്കോടതിയിൽ നിലവിലുണ്ടോ ;

(ഐ) ഈ കേസുകളുടെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ;

(ജെ) തൃശ്ശൂർ സേക്രട്ട് ഹാർട്ട് കോൺവെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥിനിയായിരുന്ന രൂപാരാജന്റെ റാങ്ക് നിർണ്ണയത്തിലെ പരാതി സംബന്ധിച്ച അവസാന തീരുമാനം എന്താണെന്ന് വിശദമാക്കാമോ ;

(കെ) ഈ വിദ്യാർത്ഥിനിയുടെ ഉത്തരക്കടലാസ് പുനഃപരിശോധന നടത്തിയപ്പോൾ മൂന്നു പ്രാവശ്യം മാർക്കുകൾ കൂടുകയും ഉയർന്ന റാങ്കിൽ എത്തുകയും ചെയ്ത സംഭവത്തിൽ ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എൽ) എസ്.എസ്.എൽ.സി. പരീക്ഷയുടെ റാങ്ക് നിർണ്ണയത്തിൽ വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) 2003 മാർച്ചിൽ ആകെ 575624 വിദ്യാർത്ഥികൾ എസ്.എസ്.എൽ. സി. പരീക്ഷ എഴുതി.

(ബി &സി) 5082 വിദ്യാർത്ഥികൾ 13581 ഉത്തര കടലാസ്സുകളുടെ പുനഃപരിശോധനയ്ക്കായി അപേക്ഷിച്ചതിൽ 7959 എണ്ണത്തിൽ മാർക്കിൽ മാറ്റമുണ്ടായി.

(ഡി) പേപ്പറൊന്നിന് 400 രൂപയാണ് പുനഃപരിശോധനാഫീസ്.

(ഇ) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ 150 രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(എഫ് & ജി) പരീക്ഷാ ഫീസിനത്തിൽ, പേപ്പറൊന്നിന് 5 രൂപ ക്രമത്തിൽ 12 പേപ്പറിനായി 60 രൂപയും സർട്ടിഫിക്കറ്റിന്റെ വിലയായി 30 രൂപയും ഈടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച് & ഐ) ഉണ്ട്. ഹൈക്കോടതി ഈ കേസിന്റെ വിധി പുറപ്പെടുവിച്ചിട്ടില്ല.

(ജെ) റാങ്ക് നിർണ്ണയം സംബന്ധിച്ചുള്ള പരാതികളൊന്നും നിലവിലില്ല. എന്നാൽ രൂപാരാജന്റെ എസ്.എസ്.എൽ.സി. പരീക്ഷാ പേപ്പർ റീവാലുവേഷൻ സംബന്ധിച്ചുള്ള ഒരു പരാതി നിലവിലുണ്ട്. ഇതിൽ അന്തിമ തീരുമാനമായിട്ടില്ല.

(കെ) ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തിയ അദ്ധ്യാപികയുടേയും അഡീഷണൽ ചീഫ് സൂപ്രണ്ടിന്റേയും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(എൽ) 2005 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷ മുതൽ ഗ്രേഡിംഗ് നടപ്പിൽ വരുന്നതോടെ റാങ്കിംഗ് സമ്പ്രദായവും ഇല്ലാതാകുന്നതാണ്.

പ്രൈവറ്റ് ഓവർ ഏജ്ഡ് പരീക്ഷാർത്ഥികളുടെ പ്രായം ഉയർത്തുന്നതിന് നടപടി

96 (2036) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിന് പ്രൈവറ്റ് ഓവർ ഏജ്ഡ് പരീക്ഷാർത്ഥികളുടെ പ്രായം എത്രയെന്നാണ് നിഷ്കർഷിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) 2003 മാർച്ച് മാസം നടത്തിയ എസ്.എസ്.എൽ.സി. പരീക്ഷയിൽ പ്രൈവറ്റ് ഓവർ ഏജ്ഡ് പരീക്ഷാർത്ഥികളുടെ പ്രായം കുറവ് ചെയ്തിരുന്നോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) 2004 മാർച്ച് മാസം നടക്കേണ്ട എസ്.എസ്.എൽ.സി. പരീക്ഷയിൽ പ്രൈവറ്റ് ഓവർ ഏജ്ഡ് പരീക്ഷാർത്ഥികളുടെ പ്രായം ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഇപ്രകാരം തീരുമാനമെടുക്കുവാനുണ്ടായ കാരണങ്ങളും സാഹചര്യങ്ങളും എന്താണെന്ന് വിശദമാക്കാമോ ;

(ഇ) അടുത്ത വിദ്യാഭ്യാസ വർഷം മുതൽ 10-ാം ക്ലാസ്സിൽ എസ്.എസ്.എ. സ്കീം നടപ്പാക്കുന്നതുമൂലം സിലബസിൽ വൻ മാറ്റങ്ങളുണ്ടാകുന്നതിനാൽ 2003 മാർച്ച് മാസത്തിൽ നടത്തിയിട്ടുള്ള അതേ വ്യവസ്ഥയിൽ എസ്.എസ്.എൽ.സി. പരീക്ഷ 2004 മാർച്ച് മാസത്തിലും നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അതാത് സ്കൂൾ വർഷം മാർച്ച് മാസം 1-ാം തീയതി 17 വയസ്സ് പൂർത്തിയായിട്ടുണ്ടെങ്കിൽ പ്രൈവറ്റ് ഓവർ ഏജ്ഡ് വിഭാഗത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly